(ബി) എങ്കിൽ ഇതിനായി തുക വകയിരുത്താതിരിക്കാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പുരാതനമായ ഈ ഫോറസ്റ്റ് ബംഗ്ലാവ് നശിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ലഭിക്കുന്ന പരിമിത മായ തുകകൊണ്ടു മുൻഗണനാക്രമത്തിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ക്കായി നടപടി സ്വീകരിക്കുന്നുണ്ട്. ഓരോ കെട്ടിടത്തിനും പ്രത്യേകമായി തുക വകയിരുത്താറില്ല.

(സി) ഈ ബംഗ്ലാവിന്റെ അറ്റകുറ്റപ്പണികൾ നടത്തി നേച്ചർ ക്യാബിനും മറ്റ് വനസംരക്ഷണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

56 (1788) വനംവകുപ്പിന്റെ കീഴിലുള്ള റോഡുകൾ

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ സംരക്ഷിക്കു ന്നതിന് ഈ സാമ്പത്തികവർഷം എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വിഭാഗത്തിൽ എത്ര റോഡുകൾ വീതം ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണി, സംരക്ഷണം എന്നിവയ്ക്കുള്ള നിർദ്ദേശം ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതിവിഹിതത്തിൽ 150/- ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 12 ലക്ഷം രൂപയും ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 1999-2000 വർഷത്തിൽ അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി വനംവകുപ്പ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന റോഡുകളുടെ അറ്റകുറ്റ പ്പണി, സംരക്ഷണം എന്നിവയ്ക്കുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല.

57 (1789) കല്ലേലി തച്ചൻകോവിൽ ഫോറസ്റ്റ് റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി അച്ചൻകോവിൽ റോഡിലെ കല്ലേലി മുതൽ അച്ചൻകോവിൽ വരെ വരുന്ന ഫോറസ്റ്റ് റോഡ് ഗതാഗത യോഗ്യമാക്കാനായി 1999-2000 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly